**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3101** **07-10-2025 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലസ്രോതസ്സുകളിൽ ഇ. കോളി അടക്കമുള്ള ബാക്ടീരിയകളുടെ അളവ് വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജലസ്രോതസ്സുകളിൽ ഇ. കോളി അടക്കമുള്ള ബാക്ടീരിയകളുടെ അളവ് വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇ. കോളി അടക്കമുള്ള ബാക്ടീരിയകളുടെ വ്യാപനം അമീബിക് മസ്തിഷ്കജ്വരം ഉണ്ടാക്കുന്ന അമീബയുടെ വ്യാപനം കൂട്ടുമെന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കേരളത്തിലെ നദികളും മറ്റ് ജലസ്രോതസ്സുകളും വിവിധ കാരണങ്ങളാൽ മലിനീകരണത്തിന് വിധേയമായിട്ടുണ്ട് എന്ന പഠന റിപ്പോർട്ടുകൾ ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഗണിച്ച് നദികളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തവും ഇതോടൊപ്പം പൗരബോധവും ആവശ്യമാണ്. ഇത് കൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേക്ക് മാലിന്യ നിക്ഷേപമോ മലിനജലകുഴലോ എത്തുന്നില്ല എന്ന് അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. കേരള വാട്ടർ അതോറിറ്റി മുഖാന്തിരം ശുദ്ധജലവിതരണത്തിനായി ലഭ്യമാകുന്ന സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ശുദ്ധജല വിതരണ ടാങ്കുകൾ, ശുദ്ധജല വിതരണ കുഴലുകൾ, ജല ശുദ്ധീകരണശാലകൾ എന്നിവ അണുവിമുക്തമാക്കുന്നതിനും ജലത്തിന്റെ അണുവിമുക്തതോതിന്റെ കൃത്യത ഉറപ്പാക്കുന്നതിനും ജലപരിശോധന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ CPHEEO (Central Public Health and Environmental Engineering Organisation) മാനുവൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ജലസംഭരണികൾ നിശ്ചിത കാലയളവുകളിൽ കഴുകി വൃത്തിയാക്കിയും, ജലസംഭരണികളിൽ മണ്ണ്, ചെളി എന്നിവ അടിഞ്ഞു കൂടിയിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്തും ജലശുദ്ധീകരണശാലകളിൽ ജലത്തിന്റെ ഗുണനിലവാരം വിവിധ പരശോധനകൾ നടത്തി സ്ഥിരമായി പരിശോധിച്ചും, സാധാരണയായി നടത്തുന്ന ക്ലോറിനേഷൻ കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തിയും ജല വിതരണം ചെയ്യുന്നതിന് മുമ്പായി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ഗുണനിലവാരം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ